# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1573 | 06.03.2017-ൽ മറുപടിയ്ക്ക് |
|---|---|

### ദേശീയ പാതയോരങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി |
| (എ) ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ നീക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ നീക്കം ചെയ്യുവാൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശുചീകരണ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജൈവ മാലിന്യം ഉറവിടത്തിൽ തന്നെ (ഗാർഹിക/സ്ഥാപന/കമ്മ്യൂണിറ്റി തലങ്ങളിൽ) സംസ്കരിക്കുന്നതിനും അജൈവ മാലിന്യങ്ങൾ തരംതിരിച്ച് ശേഖരിച്ചശേഷം പുനഃചംക്രമണ വിധേയമാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ഇത് പൂർണ്ണമാകുന്നതോടെ ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപങ്ങൾ ഒഴിവാക്കാൻ സാധിക്കുന്നതാണ്. പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷൻ പരിധികളിൽ മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് അജൈവ മാലിന്യം തരംതിരിച്ച് സ്വീകരിക്കുന്നതിനും, ഇവയിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ റീ-സൈക്ലിംഗ് യൂണിറ്റുകളിൽ റീ-സൈക്കിൾ ചെയ്തും റോഡ് ടാറിംഗിന് ഉപയോഗിക്കുന്നതിലൂടെയും, മറ്റ് ഖരമാലിന്യങ്ങൾ അതാത് സാധനങ്ങൾ റീസൈക്കിൾ ചെയ്യപ്പെടുന്ന വ്യവസായ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്യപ്പെടുന്നതിലൂടെയും മാലിന്യത്തിന്റെ അളവ് വളരെയധികം കുറയ്ക്കാൻ കഴിയും. അതുപോലെ അറവു മാലിന്യം സുരക്ഷിതമായി പരിപാലിക്കുന്നതിന് വേണ്ട നടപടികൾ പരിഗണനയിലാണ്. ഈ പ്രവർത്തനങ്ങളിലൂടെ ദേശീയ പാതയോരങ്ങളിലെ മാലിന്യ നിക്ഷേപം കുറയ്ക്കുവാൻ കഴിയും. |
| (ബി) ദേശീയ പാതയോരങ്ങളിൽ മാലിന്യ നിക്ഷേപം തടയാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന കാര്യം വ്യക്തമാക്കാമോ? | (ബി) വഴിയോരങ്ങളിലും, ജലാശയങ്ങളിലും കശാപ്പുകാർ ഉൾപ്പെടെയുള്ളവർ കൊണ്ട് വന്ന് തള്ളുന്ന അവശിഷ്ടങ്ങൾ തടയേണ്ടത് അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. നിയമം ലംഘിക്കുന്നവർക്കെതിരെ കേരള മുനിസിപ്പാലിറ്റി ആക്ട് 340, 340 എ, 340 ബി വകുപ്പുകൾ പ്രകാരവും 1994-ലെ പഞ്ചായത്ത് രാജ് ആക്ട് 219 എസ് വകുപ്പ് പ്രകാരവും പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കാവുന്നതാണ്. പൊതുസ്ഥലങ്ങളിലോ വഴിയോര ങ്ങളിലോ മാലിന്യം നിക്ഷേപിക്കുന്നവരിൽ നിന്നോ, നിക്ഷേപിക്കുവാൻ കാരണമാകുന്നവരിൽ നിന്നോ അപ്പോൾ തന്നെ പിഴ ഈടാക്കാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിക്കോ പ്രത്യേകം അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥനോ ഈ വകുപ്പ് പ്രകാരം അധികാരമുണ്ട്. പ്രസ്തുത പിഴ 15 ദിവസത്തിനുള്ളിൽ ഒടുക്കാതിരുന്നാൽ അവർക്കെതിരെ പ്രോസിക്യൂഷൻ നടപടി എടുക്കുന്നതിന് സെക്രട്ടറിമാരെ അധികാരപ്പെടുത്തിയിട്ടുണ്ട്. പൊതുസ്ഥലങ്ങളിൽ മാലിന്യം നിക്ഷേപിക്കുന്നവർക്കെതിരെ കർശന നടപടികൾ കൈക്കൊള്ളുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. മാലിന്യം കടത്തിക്കൊണ്ടു പോകുന്ന വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനും മുകളിൽപ്പറഞ്ഞ നിയമ ഭേദഗതി വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകുന്നുണ്ട്. പൊതുജനങ്ങളിൽ അനുകൂല മനോഭാവ രൂപീകരണത്തിനും, ശീലമാറ്റത്തിനുമായുള്ള വിവര വിജ്ഞാന വ്യാപന കാമ്പയിനും നടത്തി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ